KERALA CATHOLIC BISHOPS' COUNCIL

# Kerala Catholic Bishops' Council (KCBC)

Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
Ref: 945/KCBC/K-6/KPR/DS 05.06.2025

## കെസിബിസി വർഷകാല സമ്മേളനം: വാർത്താക്കുറിപ്പ്

കൊച്ചി: കെസിബിസി വർഷകാലസമ്മേളനം ജൂൺ 3, 4 തിയതികളിലായി കേരളകത്തോലിക്കാസഭാ കാര്യാലയമായ പാലാരിവട്ടം പിഒസിയിൽ നടന്നു. കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ അധ്യക്ഷത വഹിച്ച യോഗത്തിൽ കേരളത്തിലെ 32 രൂപതകളിൽനിന്നുള്ള മെത്രാന്മാർ പങ്കെടുത്തു. കാലംചെയ്ത ഫ്രാൻസിസ് പാപ്പായ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചും പുതുതായി ചുമതലയേറ്റ ലിയോ പതിനാലാമൻ പാപ്പായോട് വിധേയത്വം പ്രഖ്യാപിച്ചും ആരംഭിച്ച സമ്മേളനത്തിൽ സഭാപരവും സാമൂഹികവുമായ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു.

**മഹാ ജൂബിലിയും സഭാ നവീകരണവും**

2025 ലെ മഹാജൂബിലി ആഘോഷവും കേരളകത്തോലിക്കാ സഭ പ്രഖ്യാപിച്ച സഭാനവീകരണവും നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികവും സംയുക്തമായി കേരളസഭാതലത്തിൽ ആചരിക്കുവാൻ കെസിബിസി സമ്മേളനം തീരുമാനിച്ചു.

**നിരീശ്വരവാദ ആഭിമുഖ്യങ്ങൾ**

വർധിച്ചുവരുന്ന നിരീശ്വരവാദ - യുക്തിവാദ ആഭിമുഖ്യങ്ങളെക്കുറിച്ചും അവയുടെ പ്രത്യാഘാതങ്ങളെക്കുറിച്ചും കൂടുതൽ ആഴത്തിൽ പഠിക്കുവാനും വിശ്വാസികൾക്കും സമൂഹത്തിനും അവബോധം നൽകാനും കെസിബിസി യോഗം തീരുമാനിച്ചു.

**ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ക്രൈസ്തവർ ആക്രമിക്കപ്പെടുന്നത് സംബന്ധിച്ച്**

കഴിഞ്ഞ രണ്ട് ആഴ്ചകൾക്കിടയിൽ ഒഡീഷ സംസ്ഥാനത്ത് മാത്രം വൈദികർക്കും സന്യസ്തർക്കും എതിരെ രണ്ട് അക്രമസംഭവങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. പാവപെട്ട ജനങ്ങൾക്ക് വിദ്യാഭ്യാസ - ആതുര ശുശ്രൂഷ സേവനങ്ങൾ പതിറ്റാണ്ടുകളായി നൽകിവരുന്ന പ്രേഷിതർക്കെതിരെ നടക്കുന്ന ഇത്തരം അതിക്രമങ്ങൾ ന്യായീകരിക്കാൻ കഴിയുന്നതല്ല. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പ്രവർത്തനനിരതരായിരിക്കുന്ന മിഷനറിമാർ നേരിടുന്ന ഭീഷണികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഗൗരവമായെടുക്കുകയും പരിഹാരം കണ്ടെത്തുകയും വേണം.

**വയനാട് വിലങ്ങാട് പ്രളയ പുനരധിവാസ പദ്ധതി**

വയനാട്, വിലങ്ങാട് ദുരന്തബാധിത മേഖലകളിൽ കേരളസഭയുടെ നേതൃത്വത്തിലുള്ള പുനരധിവാസ - സമാശ്വാസ പ്രവർത്തനങ്ങൾ ശ്ലാഘനീയമായ വിധത്തിൽ മുന്നേറുന്നതായി മെത്രാന്മാർ വിലയിരുത്തി. കെസിബിസി പ്രഖ്യാപിച്ച വയനാട്, വിലങ്ങാട് പ്രകൃതിദുരന്ത പുനരധിവാസ പദ്ധതി പ്രകാരമുള്ള നൂറു ഭവനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പല ഘട്ടങ്ങളിലായി മുന്നേറിക്കൊണ്ടിരിക്കുന്നു. അർഹരായ നൂറു ദുരന്തബാധിത കുടുംബങ്ങൾക്ക് ഈ വർഷം ഡിസംബർ മാസത്തോടെ ഭവനങ്ങൾ കൈമാറുന്നതാണ്.

**വിദ്യാഭ്യാസ മേഖല**

കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് കത്തോലിക്കാഭ നൽകിയിട്ടുള്ള സംഭാവനകൾ എക്കാലവും പൊതുസമൂഹം ആദരവോടെയാണ് നോക്കിക്കണ്ടിട്ടുള്ളത്. ഈ രംഗത്ത് ക്രിയാത്മകമായ ഇടപെടലുകൾ

PRESIDENT
His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

VICE-PRESIDENT
His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

SECRETARY GENERAL
His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chovva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

DEPUTY SECRETARY GENERAL
FR. THOMAS THARAYIL
POC, PB No. 2251
Palarivattom, Kochi-682 025
Ph: 0484-2805815,
2805722
Email:frthomastharayil@gmail.com

തുടരാൻ കഴിയുന്നതിൽ സഭാനേതൃത്വത്തിന് തികഞ്ഞ അഭിമാനവും ചാരിതാർഥ്യവുമുണ്ട്. എന്നാൽ സമീപകാലങ്ങളായി മാനേജ്മെന്റുകൾ നേരിടുന്ന വെല്ലുവിളികൾക്ക് സർക്കാർ അർഹിക്കുന്ന പരിഗണന നൽകേണ്ടതുണ്ട്.
- ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടാണ് വിദ്യാഭ്യാസ രംഗത്തെ നൂതന ആശയങ്ങളും പദ്ധതികളും നടപ്പിലാക്കപ്പെടുന്നത് എന്ന് സർക്കാർ ഉറപ്പുവരുത്തണം. അർഹതയുള്ള ഓട്ടോണമസ് കോളേജുകളെ ഡീംഡ് ടു ബി യൂണിവേഴ്സിറ്റിയായി ഉയർത്താനുള്ള അനുമതി നൽകണം.
- നിർദ്ദിഷ്ട ഭിന്നശേഷി നിയമനങ്ങൾ സർക്കാർ നൽകുന്ന ലിസ്റ്റ് പ്രകാരം നടത്താൻ കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജ്മെന്റുകൾ തയ്യാറാണ്. എന്നാൽ, അപേക്ഷകരില്ലാതെ ഭിന്നശേഷി നിയമനം നടക്കാത്ത പക്ഷം മറ്റു നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിന് മാറ്റമുണ്ടാകണം. അപ്രകാരം കാലങ്ങളായി തടസ്സപ്പെട്ടിരിക്കുന്ന നിയമനങ്ങൾ സ്ഥിരപ്പെടുത്താനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം.

**ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ**
കേരളത്തിൽ നിയന്ത്രണാതീതമായി വർധിച്ചുവരുന്ന ലഹരി ഉപയോഗത്തെയും അതിന്റെ പരിണിത ഫലങ്ങളെയും കുറിച്ച് കെസിബിസി യോഗം ആശങ്ക പ്രകടിപ്പിച്ചു. ആഗോള ലഹരി വിരുദ്ധ ദിനമായ ജൂൺ 26 ന് സഭയുടെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലും രാവിലെ അസംബ്ലിയോടനുബന്ധിച്ച് ബോധവൽക്കരണ പരിപാടികളും ലഹരിവിരുദ്ധ പ്രതിജ്ഞയും സംഘടിപ്പിക്കുന്നതാണ്.

**മുനമ്പം - വഖഫ് അവകാശവാദ വിഷയം**
മാസങ്ങളായി സമരമുഖത്ത് തുടരുന്ന മുനമ്പം നിവാസികളുടെ പ്രതിസന്ധികൾക്ക് ഇനിയും പരിഹാരമാകാത്തത് കെസിബിസി ഗൗരവമായി ചർച്ച ചെയ്തു. ജസ്റ്റിസ് സി എൻ രാമചന്ദ്രൻ റിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിക്കപ്പെട്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഉചിതമായ നിലപാട് സർക്കാർ സ്വീകരിക്കുകയും നിവാസികളുടെ റവന്യൂ അവകാശങ്ങൾ പൂർണ്ണമായും ശാശ്വതമായും പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടികൾ അവധാനതയോടെ കൈക്കൊള്ളുകയും വേണം.

**അസംഘടിത തൊഴിലാളികളുടെ ക്ഷേമം**
അസംഘടിത തൊഴിലാളികൾ നേരിടുന്ന വിവിധങ്ങളായ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ കെസിബിസി ലേബർ കമ്മീഷന്റെ നേതൃത്വത്തിൽ അവർക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും വ്യാപകവുമാക്കുവാനുള്ള നടപടികൾ സ്വീകരിക്കാൻ മെത്രാൻ സമിതി തീരുമാനിച്ചു.

**തീരദേശം, മൽസ്യത്തൊഴിലാളികൾ**
തീരശോഷണവും കടലാക്രമണവും വർധിച്ചുകൊണ്ടിരിക്കുന്നതിന് ആനുപാതികമായി തീരദേശവാസികളും മൽസ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന അനേകായിരം കുടുംബങ്ങളും കൂടുതൽ വലിയ പ്രതിസന്ധികളിൽ അകപ്പെട്ടിരിക്കുകയാണ്. ആ ജനതയുടെ സാമ്പത്തികവും ഭൗതികവുമായ സുരക്ഷിതത്വം ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സർക്കാർ അടിയന്തിരമായി കൈക്കൊള്ളണം.
**–** കപ്പലപകടം മൂലമുണ്ടായിരിക്കുന്ന കടൽ പാരിസ്ഥിതിക പ്രശ്നങ്ങളും മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗത്തിൽ സംഭവിച്ചിരിക്കുന്ന പ്രതിസന്ധികളും ഗൗരവമായി പഠിക്കുകയും പരിഹരിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും വേണം.
- കടലാക്രമണങ്ങളും തീരശോഷണവും വർഷംപ്രതി വർധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരളതീരത്ത് നശിച്ചുപോയ കടൽഭിത്തി പുനർനിർമ്മിക്കുകയും ഇല്ലാത്തിടത്ത് പണിയുകയും വേണം.
- മുതലപ്പൊഴിയിലെ അശാസ്ത്രീയമായ ഹാർബർ നിർമ്മാണം മൂലം മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ സാധിക്കാതെ വരികയും അപകടസാധ്യതകൾ വർധിക്കുകയും ചെയ്തിരിക്കുന്നു. ഹാർബർ ശാസ്ത്രീയമായി പുനർനിർമ്മിക്കണം.
- വിഴിഞ്ഞം സമരസമയത്ത് നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായും പാലിക്കുകയും ഗോഡൗണിൽ താമസിച്ചിരുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം പൂർത്തിയാക്കുകയും വേണം.
- ട്രോളിംഗ് നിരോധന സമയത്തും കടൽക്ഷോഭം മൂലം കടലിൽ പോകാൻ കഴിയാത്ത മറ്റവസരങ്ങളിലും മത്സ്യത്തൊഴിലാളികൾക്ക് ജീവനാംശം നൽകണം.
- കടൽമണൽ ഖനനം മൂലം ഉണ്ടാകുന്ന തീരശോഷണവും കടലിനുണ്ടായേക്കാവുന്ന പാരിസ്ഥിതിക ആഘാതവും പരിഗണിച്ച് കടൽമണൽ ഖനനത്തിനുള്ള നീക്കം പുനഃപരിശോധിക്കണം.
- തീരദേശ വാസികൾ അഭിമുഖീകരിക്കുന്ന പട്ടയ പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കണം.

**വന്യമൃഗശല്യം**

പല ജില്ലകളിലും വന്യമൃഗ ശല്യം ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ 1972-ലെ വനം വന്യജീവി സംരക്ഷണ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണം. അനേകലക്ഷം ജനങ്ങളുടെ ജീവനും സ്വത്തിനും ഉപജീവനമാർഗ്ഗങ്ങൾക്കും കടുത്ത വെല്ലുവിളിയായി മാറിയ ഈ പ്രതിസന്ധിയെ ക്രിയാത്മകമായും ഫലപ്രദമായും നേരിടാനും ജനങ്ങൾക്ക് സംരക്ഷണം ഉറപ്പുവരുത്താനും സർക്കാർ തയ്യാറാകണം. വികസിത രാജ്യങ്ങളിലെപോലെ, പെരുകുന്ന വന്യമൃഗങ്ങളെ നിയന്ത്രിക്കാനുള്ള ശാസ്ത്രീയ സമീപനങ്ങൾ കേരളത്തിൽ സ്വീകരിക്കണം. ഇനിയും ജനസാന്ദ്രത ഏറെയുള്ള കേരളത്തിൽ വനവിസ്തൃതി വർധിപ്പിക്കാനുള്ള നീക്കം കടുത്ത ജനദ്രോഹമാണ്. സമീപകാലങ്ങളായി വനംവകുപ്പ് നിഷ്ക്രിയമായും ജനവിരുദ്ധമായും മാറുന്നതായുള്ള പരാതികൾ പരിഗണിച്ച് യുക്തമായ നടപടികൾ സർക്കാർ സ്വീകരിക്കണം.

**കർഷകസമൂഹം**

കേരളത്തിലെ കാർഷികമേഖല അത്യന്തം ഗുരുതരമായ പ്രതിസന്ധികളെ നേരിടുന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള കൃഷി നഷ്ടവും കാർഷികോല്പന്നങ്ങളുടെ വിലയിടിവും കർഷകതൊഴിലാളികളുടെ അഭാവവും മുതൽ പലവിധ പ്രതിസന്ധികൾ അനേകം കർഷകരെ ആത്മഹത്യാമുനമ്പിൽ എത്തിച്ചിരിക്കുന്ന സാഹചര്യമുണ്ട്. മുൻകാലങ്ങളിൽ കൃഷിക്ക് വലിയ സാധ്യതകൾ കല്പിക്കപ്പെട്ടിരുന്ന, കാർഷിക സംസ്ഥാനമായി പരിഗണിക്കപ്പെട്ടിരുന്ന കേരളത്തിന്റെ ഇത്തരത്തിലുള്ള മാറ്റം തികച്ചും ദൗർഭാഗ്യകരമാണ്. കാർഷികമേഖലയുടെയും കർഷകരുടെയും പുനരുദ്ധാരണത്തിന് സാധ്യമായ പ്രായോഗിക പദ്ധതികൾ വിഭാവനം ചെയ്യാനും നടപ്പാക്കാനും സർക്കാർ തയ്യാറാകണം. കർഷക കൂട്ടായ്മകളെ ശക്തിപ്പെടുത്തുന്ന സർക്കാർ നീക്കങ്ങൾക്ക് എല്ലാവിധ പിന്തുണകളും സഭ ഉറപ്പുനൽകുന്നു. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുകയും നെല്ലിന്റെ താങ്ങുവില വർധിപ്പിക്കുകയും വേണം. സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം.

**ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്**

ക്രൈസ്തവ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠനം നടത്തിയ ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷന്റെ റിപ്പോർട്ട് ഇനിയും പ്രസിദ്ധീകരിക്കാനോ ശുപാർശകളിന്മേൽ നടപടികൾ സ്വീകരിക്കാനോ സർക്കാർ ശ്രമിക്കാത്തത് പ്രതിഷേധാർഹമാണ്. കമ്മീഷൻ റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കുകയും തുടർനടപടികൾ അടിയന്തിരമായി കൈക്കൊള്ളുകയും വേണം.

**ഫാ. തോമസ് തറയിൽ**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ/ഔദ്യോഗിക വക്താ
ഡയറക്ടർ, പിഒസി.